**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2895** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഗോത്രബന്ധു പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക ജാതിയിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പട്ടികജാതിയിൽപ്പെടുന്ന വിദ്യാർഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തി പോകുന്ന കാര്യം പരിശോധിച്ചിട്ടുണ്ട്. ഇത് ആപേക്ഷികമായി കൂടുതലല്ല. |
| (ബി) | അത്തരം വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികജാതിയിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തി പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി ചുവടെ പറയുന്ന വിവിധ വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>* പ്രീ മെട്രിക് സ്കോളർഷിപ്പ്.<br><br>* പ്രൈമറി / സെക്കൻഡറി എഡ്യൂക്കേഷൻ എയ്ഡ്<br><br>* പ്രതിമാസ സ്റ്റൈപ്പന്റ്<br><br>*9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രി മെട്രിക്ക് സ്കോളർഷിപ്പ്.<br><br>*ആരോഗ്യ ഹാനിക്കിടയാക്കുന്ന ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്<br><br>* അംഗീകൃത എയ്ഡ് സ്കൂളുകളിൽ<br><br>പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ്, റീ എംബെർസ്മെന്റ്<br><br>* ശ്രീ അയ്യൻകാളി ടാലന്റ് സേർച്ച് സ്കോളർഷിപ്പ്,<br><br>* പ്രത്യേക പ്രോത്സാഹന സമ്മാനം.<br><br>* മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br><br>* പ്രീ മെട്രിക് ഹോസ്റ്റലുകൾ |

| | | | |
|---|---|---|---|
| | | | *സബ്സിഡൈയ്സിഡ് ഹോസ്റ്റൽ |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഗോത്രബന്ധു പദ്ധതി പ്രകാരം എത്ര കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പവരുത്തുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ? | (സി) | പട്ടിക വർഗ്ഗ ഭൂരിപക്ഷ മേഖലകളിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ4 വരെ അധ്യയനം നടത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം വെച്ചു കൊണ്ട് പട്ടിക വർഗ്ഗത്തിൽപ്പെട്ട ടി.ടി.സി/ഡി.എഡ് അല്ലെങ്കിൽ ബി.എ പാസായവരെ മെൻറ്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു" പദ്ധതി. വയനാട് ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിലും , പാലക്കാട്; അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ'എയ്ഡഡ് സ്കൂളുകളിലും , മലപ്പുറം ജില്ലയിൽ 29 'സർക്കാർ'എയ്ഡഡ് സ്കൂളുകളിലും അട്ടപ്പാടി ബ്ലോക്ക് ഒഴികെയുള്ള പാലക്കാട് ജില്ലയിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിലും "ഗോത്രബന്ധു" പദ്ധതി പ്രകാരം മെൻറ്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ഗോത്രബന്ധു പദ്ധതി പ്രകാരം 49061 കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ